# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

### പത്രക്കുറിപ്പ്

2021-2022 അദ്ധ്യയന വർഷത്തെ ഏകജാലകം മുഖേനയുള്ള ബിരുദാനന്തര ബിരുദ പ്രവേശനത്തിനോടനുബന്ധിച്ച് ഫീസ് അടച്ച് ഓൺലൈൻ റജിസ്ട്രേഷൻ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് അപേക്ഷയിൽ ഡിഗ്രി രജിസ്റ്റർ നമ്പർ, മൊബൈൽ നമ്പർ, ഇ-മെയിൽ എന്നിവ ഒഴികെ എല്ലാ വിവരങ്ങളും സ്വയം തിരുത്തൽ വരുത്തുന്നതിനുള്ള സൗകര്യം രജിസ്ട്രേഷൻ പോർട്ടലിൽ ലഭ്യമാണ്. തിരുത്തൽ വരുത്തുന്നതിന് CAP ID, Security Key എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് 'Edit Application' ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്.

എഡിറ്റിംഗ് സൗകര്യം ഉപയോഗിക്കുന്നവർ, അവരുടെ അപേക്ഷയിൽ കോളേജ് - പ്രോഗ്രാം ഓപ്ഷനുകൾ ഉണ്ട് എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം വെരിഫിക്കേഷൻ പേജിലുള്ള 'Finalise' ബട്ടൺ ക്ലിക്ക് ചെയ്ത് അന്തിമ സമർപ്പണം നടത്തേണ്ടതും അപേക്ഷയുടെ പ്രിന്റ് ഔട്ട് നിർബന്ധമായും എടുത്ത്, നൽകിയ മാറ്റങ്ങളെല്ലാം അതിൽ വന്നിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പ്രിന്റ് ഔട്ട് ലഭിച്ചാൽ മാത്രമേ അപേക്ഷ പൂർത്തിയാകുകയുള്ളൂ.

ഒപ്പ്

(ഡയറക്ടർ)

C.U. Campus
04.10.2021